2B2M17197 (Pages : 2) Reg. No:…………………………

Name: ……………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Second Semester B.Sc CS/BVOC/BMMC Degree Examination, March 2017**

**MAL2A02(2) – Malayala Bashayum Sahithyavum – 2**

(2016 Admission onwards)

Max. Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക.**

1. ചെറുകാടിന്റെ പൂർണ്ണമായ പേരെന്ത്?
2. 'ബാല്യകാല സഖി'ക്ക് അവതാരിക എഴുതിയതാര്?
3. ചന്തുമേനോൻ രചിച്ച നോവലുകളേവ?
4. 'പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്' - ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു?
5. 'നാൽക്കവല'എന്ന നാടകത്തിന് ഗാനങ്ങൾ രചിച്ചതാര്?
6. 1997 -ലെ വയലാർ അവാർഡു നേടിയ കൃതിയേത്?
7. 'ചൂളൈമേട്ടിലെ ശവങ്ങൾ' - രചിച്ചതാര്?
8. എന്താണ് ആത്മകഥ?
9. മജീദിനെ വാധ്യാർ ഹാജർ വിളിക്കുന്നത് ഏതു പേരിലായിരുന്നു?
10. 'ഒറ്റയടിപ്പാത' എന്ന കൃതി ആരുടേതാണ്?
11. വാസ്കോഡഗാമയ്ക്ക് ദാഹമകറ്റാൻ നല്കിയതെന്ത്?
12. ഉറൂബ് എന്ന തൂലികാനാമത്തിലറിയപ്പെടുന്നതാര്?

**(1x 12=12)**

**B. ഏതെങ്കിലും 7 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

13. 'അയിത്തത്തിന്റെ തേർവാഴ്ച വിദ്യാലയങ്ങളിൽപ്പോലും അങ്ങനെയായിരുന്നു'- എങ്ങനെ?
14. 'ചിറകറ്റ പക്ഷിയെപ്പോലെ മജീദ് അവിടെ നിന്നുപോയി'. എന്തുകൊണ്ട്?
15. 'മരിക്കുന്നതുവരെ പഠിച്ചാലും പഠിപ്പ് ബാക്കിയാണ്. മുഴുവനും പഠിക്കാൻ കഴിയില്ലല്ലോ'.- ആരുടെ വാക്കുകൾ? വിവക്ഷിതമെന്ത്?
16. 'പണക്കാരുടെ വീടുകണ്ടാൽ മനസ്സിലാവില്ലെന്നു കരുതിയോ?' - ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.
17. മജീദിന്റെ ബാപ്പയുടെ സ്വഭാവം പരിശോധിക്കുക.

18. 'ആ കൊച്ചു വാചകം ഏകാന്തതയുടെ മരുഭൂമിയാകെ നനച്ചു'. -വിവക്ഷിതം വ്യക്തമാക്കുക.

19. 'ആദ്യമായി മുകുന്ദനോട് എനിക്ക് പക തോന്നി'.- ആർക്ക്? കാരണമെന്ത്?

20. 'കൊന്നതു ധീരനാണെങ്കിൽ അവിടെ നിൽക്കണം, ഞാനാ കൊന്നതെന്നു പറയണം'.- സന്ദർഭവും ആശയവും വ്യക്തമാക്കുക.

**(7 x 2=14)**

**C. ഏതെങ്കിലും 5 ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

21. നോവൽ എന്ന സാഹിത്യ രൂപത്തിന്റെ സവിശേഷതകളെന്തെല്ലാം?

22. 'അങ്ങനെ കണക്കുശാസ്ത്രത്തിൽ ഒരു പുതിയ തത്ത്വം കണ്ടു പിടിച്ചതിന് മജീദിനെ അന്നു ബഞ്ചിൽക്കയറ്റി നിർത്തി'.- സന്ദർഭമെഴുതി വിവക്ഷിതം വ്യക്തമാക്കുക.

23. മിനിക്കഥയും ചെറുകഥയും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

24. മിസ്സിസ്സ് നായരുടെ സ്വഭാവം ചിത്രീകരിക്കുക.

25. നളിനി നായരെക്കുറിച്ച് രവിമിൻഹാസിനിൽ നിന്നു മുകുന്ദന്റെ ഭാര്യയ്ക്കു ലഭിച്ച വിവരങ്ങളെന്തെല്ലാം?.

26. 'കഥയ്ക്കു പിന്നിലെ കഥ'യിൽ ആവിഷ്കൃതമാവുന്ന കാര്യങ്ങളെന്തെല്ലാം?

27. 'വായിച്ചുണ്ടാക്കുന്നവന്റെ അറിവ് പ്രവൃത്തിയിൽ കൊണ്ടുവരുന്നില്ലെങ്കിൽ, പിശുക്കന്റെ പണപ്പെട്ടിപോലെ വ്യർത്ഥമാണ്'.- വിവക്ഷിതം വ്യക്തമാക്കുക.

**(5 x 6=30)**

**D. മൂന്നുപുറത്തിൽ കവിയാതെ 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

28. മലയാള നാടകസാഹിത്യചരിത്രത്തിൽ കെ.ടി. മുഹമ്മദിനുള്ള സ്ഥാനം നിർണ്ണയിക്കുക.

29. 'ബാല്യകാലസഖി' ജീവിതത്തിൽ നിന്നു വലിച്ചുചീന്തിയ ഒരേടാണ്.- ശരിയോ ? പരിശോധിക്കുക.

30. നവോത്ഥാന ചെറുകഥകളിൽനിന്ന് ആധുനിക ചെറുകഥകളിലെത്തിയപ്പോൾ സംഭവിച്ച മാറ്റങ്ങളെന്തെല്ലാം? വിശദമാക്കുക.

31. കേരളത്തിൽ നിലനിന്ന സാമൂഹികാസമത്വങ്ങളെക്കുറിച്ച് തിക്കൊടിയൻ എന്തെല്ലാം വിവരങ്ങൾ നല്കുന്നു? വിശദമാക്കുക.

32. മലയാളത്തിലുണ്ടായ ഓർമ്മക്കുറിപ്പുകളിൽ ശ്രദ്ധേയമാണ് 'നീർമാതളം പൂത്തകാലം'. - വിലയിരുത്തുക.

**(3 x 8=24)**